# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി: 09/03/2018.**

**വിഷയം: " വന്ദിക്കുക നിന്ദിക്കരുത് "**

يا أَيُّهَا الَّذينَ آمَنُوا لا يَسْخَرْ قَوْمٌ مِنْ قَوْمٍ عَسي أَنْ يَكُونُوا خَيْراً مِنْهُمْ وَ لا نِساءٌ مِنْ نِساءٍ عَسي أَنْ يَكُنَّ خَيْراً مِنْهُنَّ وَ لا تَلْمِزُوا أَنْفُسَكُمْ وَ لا تَنابَزُوا بِالْأَلْقابِ بِئْسَ الاِسْمُ الْفُسُوقُ بَعْدَ الْإِيمانِ وَ مَنْ لَمْ يَتُبْ فَأُولئِکَ هُمُ الظَّالِمُونَ ۞ ﴿حجرات: ١١﴾

ആരാധനയും ആദരവും രണ്ടാണെന്നും അല്ലാഹു ആദരിച്ച വസ്തുക്കളെ ആദരിക്കേണ്ടതാണെന്നും നാം പറയുകയുണ്ടായി.

➢ അല്ലാഹുവിനെ അങ്ങേയറ്റം ആദരിക്കുന്നവരാണ് നാം. സൃഷ്ടാവ്, ഉടമസ്ഥന്‍, ആരാധ്യന്‍ ആയി അവനെ മാത്രമെ നാം വിശ്വസിക്കുന്നുള്ളൂ. ആ പദവികള്‍ മറ്റാര്‍ക്കും വകവെച്ച് കൊടുക്കുന്നവരല്ല. അവര്‍ ആരായിരുന്നാലും.

താഴ്മയുടെ പരമ പ്രതീകമായ സുജൂദ് അല്ലാഹുവിന് മാത്രം ചെയ്യുന്നവരും അവനല്ലാത്ത ആരുടെ മുന്നിലും തലകുനിക്കാത്തവരുമാണ് നാം.

അല്ലാഹുവിന്റെ പരിശുദ്ധമായ നാമങ്ങള്‍, വചനങ്ങള്‍ മലമൂത്ര വിസര്‍ജന സ്ഥലങ്ങളില്‍ പ്രവേശിപ്പിക്കല്‍ ഹറാമാണ്. അവ മാറ്റി വെച്ചേ നാം പ്രവേശിക്കുകയുള്ളൂ. ഇതെല്ലാം അല്ലാഹുവിനെ അങ്ങേയറ്റം ആദരിക്കുന്നതിന്റെ ഭാഗമാണ്.

➢ എന്നാല്‍ അല്ലാഹുവിനോടുള്ള ആദരവ് പൂര്‍ത്തിയാകണമെങ്കില്‍ അവന്‍ ആദരിച്ചതിനെ ആദരിക്കുക കൂടി വേണം. അല്ലാതെ അല്ലാഹുവിനെ ആദരിച്ചവരാകില്ല.

عَنْ أَبِي مُوسَى الْأَشْعَرِيِّ قَالَ:قَالَ رَسُولُ اللَّهِ ﷺ:إِنَّ مِنْ إِجْلَالِ اللَّهِ إِكْرَامَ ذِي الشَّيْبَةِ الْمُسْلِمِ وَحَامِلِ الْقُرْآنِ غَيْرِ الْغَالِي فِيهِ وَالْجَافِي عَنْهُ وَإِكْرَامَ ذِي السُّلْطَانِ الْمُقْسِطِ(ابوداود)

ഇവിടെ 3 വിഭാഗത്തെ ആദരിക്കൽ അല്ലാഹുവിനെ ആദരിക്കലാണെന്ന് പറയുന്നു. അപ്പോൾ അവരെ അനാദരിക്കൽ അല്ലാഹുവിനെ അനാദരിക്കലായിപ്പോകും.

(وَحَامِلِ الْقُرْآنِ) قَالَ الْقَارِيُّ : أَيْ وَإِكْرَامَ قَارِئِهِ وَحَافِظِهِ وَمُفَسِّرِهِ (غَيْرِ الْغَالِي فِيهِ) يَعْنِي غَيْرَ الْمُتَجَاوِزِ الْحَدَّ فِي الْعَمَلِ بِهِ وَتَتَبُّعِ مَا خَفِيَ مِنْهُ وَاشْتَبَهَ عَلَيْهِ مِنْ مَعَانِيهِ وَفِي حُدُودِ قِرَاءَتِهِ وَمَخَارِجِ حُرُوفِهِ (وَالْجَافِي عَنْهُ) أَيْ وَغَيْرِ الْمُتَبَاعِدِ عَنْهُ الْمُعْرِضِ عَنْ تِلَاوَتِهِ....وَحَاصِلُهُ أَنَّ كُلًّا مِنْ طَرَفَيِ الْإِفْرَاطِ وَالتَّفْرِيطِ مَذْمُومٌ وَالْمَحْمُودُ هُوَ الْوَسَطُ الْعَدْلُ (عون العبود)

➢ ഇവരെ ആദരിക്കേണ്ട രീതി എന്താണെന്നും ദീൻ പഠിപ്പിച്ചു.

(إِكْرَامَ ذِي الشَّيْبَةِ الْمُسْلِمِ):أَيْ تَعْظِيمَ الشَّيْخِ الْكَبِيرِ فِي الْإِسْلَامِ بِتَوْقِيرِهِ فِي الْمَجَالِسِ وَالرِّفْقِ بِهِ وَالشَّفَقَةِ عَلَيْهِ وَنَحْوِ ذَلِكَ ، كُلُّ هَذَا مِنْ كَمَالِ تَعْظِيمِ اللَّهِ لِحُرْمَتِهِ عِنْدَ اللَّهِ(عون العبود)

(=സദസ്സുകളിൽ ആദരിക്കുക, മൃദുല സമീപനം പുലർത്തുക, കരുണ ചെയ്യുക)

രണ്ടാം വിഭാഗം പണ്ഡിതന്മാരാണ്. പണ്ഡിതന്മാരെ ആദരിക്കുന്നത് അവരുടെ ഇൽമിന്റെ അടിസ്ഥാനത്തിലാണ്. അതിൽ അവരുടെ പ്രായം പരിഗണിക്കപ്പെടേണ്ടതില്ല. ഉമർ(റ)ന്റെ സഭയിൽ പ്രായഭേദമില്ലാതെ ഉലമാക്കളെ മുന്തിക്കുമായിരുന്നു.

وَكَانَ الْقُرَّاءُ أَصْحَابَ مَجْلِسِ عُمَرَ وَمُشَاوَرَتِهِ كُهُولًا كَانُوا أَوْ شُبَّانًا (فتح البارى)

അവരെ ആദരിക്കേണ്ട രീതി ഇമാം നവവി(റ) വിശദീകരിച്ചിട്ടുണ്ട്.

بَابُ تَوْقِيرِ الْعُلَمَاءِ وَالْكِبَارِ وَأَهْلِ الْفَضْلِ وَتَقْدِيمِهِمْ عَلَى غَيْرِهِمْ وَرَفْعِ مَجَالِسِهِمْ وَإِظْهَارِ مَرْتَبَتِهِمْ (رياض الصالحين)

(=അവരെ വന്ദിക്കുക, മറ്റുള്ളവരേക്കാൾ മുന്തിക്കുക, ഉയർന്ന ഇരിപ്പിടം നൽകുക, പദവി പ്രകടമാക്കുക)
ജനാസയുടെ വിഷയത്തിൽ പോലും പണ്ഡിതന്മാരെ മുന്തിക്കുന്ന കാര്യത്തിൽ നബി(സ) ശ്രദ്ധിച്ചിരുന്നു. ഉഹുദിൽ ഒന്നിൽ അധികം പേരെ ഒരു ഖബ്റിൽ അടക്കേണ്ടി വന്നപ്പോൾ അതിൽ കൂടുതൽ അറിവുള്ളവരെ മുന്തിക്കുകയുണ്ടായി.

عَنْ جابِرٍ:أَنَّ رَسُولَ اللَّهِ ﷺ كَانَ يَجْمَعُ بَيْنَ الرَّجُلَيْنِ مِنْ قَتْلَى أُحُدٍ فِي ثَوْبٍ وَاحِدٍ،ثُمَّ يَقُولُ:أَيُّهُمْ أَكْثَرُ أَخْذًا لِلْقُرْآنِ؟ فَإِذَا أُشِيرَ لَهُ إِلَى أَحَدِهِمَا قَدَّمَهُ فِي اللَّحْدِ (بخاري)

ഇതെല്ലാം പണ്ഡിതന്മാരെ ആദരിക്കുന്നതിന്റെ ഭാഗമാണ്. ഇന്ന് നമ്മുടെ സമൂഹം ഈ വലിയ കാര്യം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

മക്കളുടെ അധ്യാപകരെ അവരുടെ മുമ്പിൽ വച്ച് ആക്ഷേപിക്കുന്ന പ്രവണത ഈ ആദരവിനെ ഇല്ലാതാക്കും. അത് വഴി മക്കൾക്ക് ലഭിക്കുന്ന നന്മ ഇല്ലാതാകും. ഇമാം ശാഫിഈ (റ)ന്റെ പിതാവ് ഏത് ആലിമിനെ കണ്ടാലും തന്റെ മകനു വേണ്ടി ദുആ ചെയ്യിപ്പിക്കമായിരുന്നു.ഇതാണ് തന്റെ വിജയ രഹസ്യമെന്ന് ഇമാം ശാഫിഈ (റ) വ്യക്തമാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ ഇതെല്ലാം അല്ലാഹുവിനോടുള്ള ആദരവിന്റെ ഭാഗമാണ്. അതുവഴി അനേകം നന്മകൾ ലഭിക്കാൻ കാരണമാകും.

➢ ഇതിനു വിപരീതമായി മറ്റുള്ളവരെ നിന്ദിക്കലും കൊച്ചാക്കലും പരിഹസിക്കലും കടുത്ത തിന്മയാണ്.

يا أَيُّهَا الَّذينَ آمَنُوا لا يَسْخَرْ قَوْمٌ مِنْ قَوْمٍ عَسي أَنْ يَكُونُوا خَيْراً مِنْهُمْ وَ لا نِساءٌ مِنْ نِساءٍ عَسي أَنْ يَكُنَّ خَيْراً مِنْهُنَّ وَ لا تَلْمِزُوا أَنْفُسَكُمْ وَ لا تَنابَزُوا بِالْأَلْقابِ بِئْسَ الاِسْمُ الْفُسُوقُ بَعْدَ الْإِيمانِ وَ مَنْ لَمْ يَتُبْ فَأُولئِکَ هُمُ الظَّالِمُونَ ۞ ﴿حجرات: ١١﴾

സമ്പത്ത്, സൗന്ദര്യം, വീട്, തൊഴിൽ, സൗകര്യങ്ങൾ എന്നിവ കുറഞ്ഞുപോയതിന്റെ പേരിൽ ആരെയും കൊച്ചാക്കരുത്. അത് അല്ലാഹുവിന്റെ സൃഷ്ടി സംവിധാനത്തെ പരിഹസിക്കലാണ്. കാരണം അവരെ അങ്ങിനെ സംവിധാനിച്ചത് അല്ലാഹുവാണ്.

**عن لقمان الحكيم (عليه السلام) لإبنه :يا بُنَيَّ لا تَحْقِرَنَّ أَحَداً بِخَلِقَانِ ثِيابِهِ، فَإِنَّ رَبَّكَ وَرَبَّهُ وَاحِدٌ (بحار الأنوار)**

**عَنْ عَلِيّ أَنَّ النَّبِيَّ ﷺ قَالَ : مَنِ اسْتَذَلَّ مُؤْمِنًا أَوْ مُؤْمِنَةً أَوْ حَقَّرَهُ لِفَقْرِهِ وَقِلَّةِ ذَاتِ يَدِهِ شَهَّرَهُ اللَّهُ يَوْمَ الْقِيَامَةِ ثُمَّ فَضَحَهُ.(قرطبي)**

**عَنْ أَبِي هُرَيْرَةَ : قَالَ رَسُولُ اللَّهِ ﷺ..بِحَسْبِ امْرِئٍ مِنْ الشَّرِّ أَنْ يَحْقِرَ أَخَاهُ الْمُسْلِمَ كُلُّ الْمُسْلِمِ عَلَى الْمُسْلِمِ حَرَامٌ دَمُهُ وَمَالُهُ وَعِرْضُهُ (مسلم)**

ചരിത്രം: ഒരിക്കൽ അബൂദർറ് (റ) ബിലാല് (റ) നെ **يابن السوداء** എന്ന് പറഞ്ഞ് ആക്ഷേപിച്ചു. അദ്ദേഹം നബി (സ)യോട് സങ്കടം പറഞ്ഞു.

**قَالَ رَسُولُ اللَّهِ ﷺ يَا أَبَا ذَرٍّ أَعَيَّرْتَهُ بِأُمِّهِ إِنَّكَ امْرُؤٌ فِيكَ جَاهِلِيَّةٌ (بخاري)**

ഇത്ര തീഷ്ണമായി നബി(സ) മറ്റൊരാളെ വിമർശിച്ചിട്ടില്ല. അത്ര കടുത്ത തിന്മയായി അതിനെ നബി(സ) കണ്ടുവെന്നർത്ഥം.

**وَ مَنْ لَمْ يَتُبْ فَأُولَئِكَ هُمُ الظَّالِمُونَ ۞ ﴿حجرات: ١١﴾**

ആയതുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുന്ന നാം അവന്റെ കൽപ്പനകളെ മാനിക്കണം. പടപ്പുകളെ ആദരിക്കണമെന്ന് അല്ലാഹുവും റസൂലും കൽപ്പിച്ചിരിക്കുന്നു. അതനുസരിച്ച് ജീവിതത്തിൽ മാറ്റം വരുത്തണം..

**∆ ∆ ∆**